(സി) വ്യാജമദ്യ ദുരന്ത കേസ്സുകൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല.

(ഡി) ബാധകമല്ല.

എക്സൈസ് കമ്മീഷണർ നേരിട്ട് നടത്തിയ റെയ്ഡ്

112 (4168) ശ്രീ. എം. മുരളി : .താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് കമ്മീഷണർ നേരിട്ട് റെയ്ഡ് നടത്തിയ കായംകുളം റേഞ്ചിലെ കള്ളുഷാപ്പ് ലൈസൻസിയുടെ വീട്ടിലെ ഗോഡൗണിൽ നിന്നും എന്തെല്ലാം സാധനങ്ങൾ പിടിച്ചെടുത്തു ;

(ബി) എത്രപേരെ അറസ്റ്റു ചെയ്തു ;

(സി) ഗോഡൗണിൽ നിന്നും ജീവനുള്ള ആമകളെ ലഭിച്ചിരുന്നോ ;

(ഡി) എങ്കിൽ ആമകളെ എന്തു ചെയ്തു ; വന്യജീവികളെ സൂക്ഷിച്ചതിന് എന്തു നടപടി സ്വീകരിച്ചു ;

(ഇ) ജില്ലയിലെ എക്സൈസ് ഉദ്യോഗസ്ഥരുടെ അറിവോടെയാണ് ഈ കേന്ദ്രം പ്രവർത്തിച്ചിരുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇവർക്കെതിരെ കർശന ശിക്ഷാനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പിടിച്ചെടുത്ത് സാധനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) സംഭവ സ്ഥലത്തുനിന്ന് 3 പേരേയും പിന്നീട് ഒരാളേയും അറസ്റ്റ് ചെയ്തു.

(സി) ഗോഡൗണിൽ നിന്നും ജീവനുള്ള ആമകളെ ലഭിച്ചിട്ടില്ല. എന്നാൽ, ഗോഡൗണിന്റെ പുറത്ത് മതിലിനരികിൽ ഒരു പ്ലാസ്റ്റിക് പാത്രത്തിൽ 2 ആമകളെ കണ്ടിരുന്നു.

(ഡി) ഇക്കാര്യം വന്യജീവി സംരക്ഷണ വകുപ്പിനെ വിളിച്ചറിയിക്കുവാൻ നടപടി സ്വീകരിച്ചിരുന്നു.

(ഇ) ഇല്ല.

(എഫ്) എക്സൈസ് ഉദ്യോഗസ്ഥരുടെ അറിവോടെയാണ് കേന്ദ്രം പ്രവർത്തിച്ചിരുന്നത് എന്ന് ബോധ്യപ്പെട്ടാൽ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly